പഞ്ചായത്തുകളിലെ തൂപ്പ് ജോലിക്കാരുടെ ക്ഷാമബത്തയും ശമ്പളവും

1574. [2342] ശ്രീ. റ്റി. കെ. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിലെ തൂപ്പുജോലിക്കാരുടെ ക്ഷാമബത്തയും ശമ്പളവും വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തിലെ പഞ്ചായത്തുകളിലെ കണ്ടിജൻറ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിന് ഒരു വേജ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

പഞ്ചായത്തു ജീവനക്കാരുടെ സംഘടനകളുമായി സർക്കാർ ഉണ്ടാക്കിയ ഒത്തു തീർപ്പു വ്യവസ്ഥകൾ

1575. [2343] ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) പഞ്ചായത്ത് ജീവനക്കാർ ഒക്ടോബർ 20-ന് സെക്രട്ടേറിയറ്റ് പടിക്കൽ കൂട്ട ഉപവാസം നടത്തിയ വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പഞ്ചായത്തു ജീവനക്കാരുടെ സംഘടനകളുമായി സർക്കാർ ഉണ്ടാക്കിയിട്ടുള്ള ഒത്തുതീർപ്പുവ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) ഒത്തുതീർപ്പു വ്യവസ്ഥയിലെ ഏതെങ്കിലും കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇനിയും എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കാൻ ഉണ്ടെന്നും അവ എപ്പോൾ നടപ്പിലാക്കുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഞ്ചായത്തു ജീവനക്കാരുടെ സംഘടനകളുമായി താഴെ പറയുന്ന ഒത്തുതീർപ്പു വ്യവസ്ഥകൾ ഉണ്ടാക്കിയിട്ടുണ്ട്.

1. പഞ്ചായത്തു ജീവനക്കാരെ ഗവൺമെൻറ് ജീവനക്കാരായി അംഗീകരിക്കുവാൻ കഴിയുമോ എന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി ഒരു കമ്മിറ്റി രൂപീകരിക്കുക.

2. രണ്ടാം ഗ്രേഡ് എക്സിക്യൂട്ടീവ് ആഫീസർ തസ്തികയിലേക്ക് നിയമനത്തിനുള്ള അനുപാതം 5 : 1 : 4 (അഞ്ച് പഞ്ചായത്ത് കോമൺ സർവ്വീസ് ജീവനക്കാർക്കും, ഒന്ന് പഞ്ചായത്ത് ഡിപ്പാർട്ടുമെൻറിലെ ലോവർ ഡിവിഷൻ ക്ലാർക്കിനും നാല് പൊതു വിപണിയിൽനിന്നും) എന്നുള്ളത് 9 : 1 എന്നാക്കുവാൻ തീരുമാനിച്ചു. അതായത് 9 എണ്ണം പഞ്ചായത്ത് ജീവനക്കാർക്കും 1 എണ്ണം പഞ്ചായത്തു വകുപ്പിലെ ജീവനക്കാർക്കും. ഒന്നാം

LIBRARY ARCHIVES Kerala Legislative Assembly